ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാല, ഡെവലപ്മെന്റ് ഓഫ് ആൻ ഇന്റഗ്രേറ്റഡ് പെസ്റ്റ്മാനേജ്മെന്റ് പാക്കേജ് ഫോർ ദി ഏരിയോ ഫെഡ്മൈറ്റ് ഓഫ് കോക്കനട്ട് ഇൻദി സതേൺസ്റ്റേറ്റ് എന്ന എൻ. എ. റ്റി. പി. പ്രോജക്ട് മൂന്നുവർഷത്തേക്ക് അനുവദിക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിപ്പിനായി യഥാക്രമം 30-32 ലക്ഷം രൂപ 2000-2001 മുതൽ 2002-2003 വരെ അനുവദിക്കുകയുണ്ടായി. ഈ പ്രോജക്ട് ഇപ്പോഴും തുടർന്നുവരുന്നു. മൈറ്റിനെ സംബന്ധിച്ച ബയോ ഇക്കോളജി പഠനവും അതിന്റെ പ്രകൃതിയിലുള്ള ശത്രുകീടങ്ങളെ കണ്ടുപിടിക്കുക, പ്രകൃതി ദത്തമായ പരിതസ്ഥിതിക്കിണങ്ങിയ മൈറ്റ് കൺട്രോൾ ഏജന്റിനെ കണ്ടുപിടിക്കുക തുടങ്ങിയവയും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്കു മൈറ്റ് നിയന്ത്രണത്തെക്കുറിച്ചുള്ള ട്രെയിനിംഗ് കൊടുക്കുകയും ഉദ്യോഗിച്ചുള്ളതാണ് ടി പ്രോജക്ട്.

(സി) ഇല്ല. പദ്ധതി ഇപ്പോഴും തുടർന്നു നടപ്പാക്കുന്നുണ്ട്.

(ഡി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണ്ഡരി നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടി

87 (1141) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) തദ്ദേശ ഭരണസ്ഥാപനങ്ങൾ ചെലവാക്കിയിട്ടുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി മണ്ഡരി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എത്ര പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ 26.25 കോടി രൂപ ചെലവിൽ 2.77 കോടി തെങ്ങുകൾക്ക് ഒന്നാംഘട്ട മരുന്ന് തളിയും 2000-2001 സാമ്പത്തിക വർഷത്തിൽ 1.81 കോടി രൂപ ചെലവിൽ 75 ലക്ഷം തെങ്ങുകൾക്ക് രണ്ടാംഘട്ട മരുന്ന് തളിയും നടത്തി. ഇതിന് തുടർച്ചയായി ജൈവ കീടനാശിനി ഉപയോഗപ്പെടുത്തി 2003 മാർച്ച് മെയ് മാസങ്ങളിൽ 17 ലക്ഷം തെങ്ങുകൾക്ക് മൂന്നാംഘട്ട മരുന്ന് തളിയും നടത്തിയിട്ടുണ്ട്.

(ബി) 1.21 കോടി രൂപയുടെ കേന്ദ്രവിഹിതവും 1.67 കോടിയുടെ സംസ്ഥാനവിഹിതവും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഒന്നും രണ്ടും ഘട്ട മരുന്ന് തളിക്കായി 6.40 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 24.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ ഭരണസ്ഥാപനങ്ങൾ ഒന്നാംഘട്ട മരുന്ന് തളിക്ക് ഏകദേശം 8.31 കോടിരൂപയും രണ്ടാംഘട്ട മരുന്ന് തളിയ്ക്ക് 2 കോടിരൂപയും ചെലവാക്കിയിട്ടുണ്ട്.

(ഇ & എഫ്) മണ്ഡരി കീടാക്രമണത്തിന്റെ തീവ്രത നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി നാളികേരത്തിന്റെ വലിപ്പം ഗണ്യമായി വർദ്ധിക്കുകയും മച്ചിങ്ങ കൊഴിച്ചിൽ കുറയുകയും ചെയ്തിട്ടുണ്ട്. തീവ്രത ഇനിയും കുറയ്ക്കാനായി വേപ്പധിഷ്ഠിത ജൈവ കീടനാശിനി ഉപയോഗിക്കാനും നടപടിയെടുത്തു വരുന്നു.

ഓറഞ്ച് കൃഷി ചെയ്യുന്ന സ്ഥലങ്ങൾ

88 (1142) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ഓറഞ്ച് കൃഷി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത കൃഷി വാണിജ്യാടിസ്ഥാനത്തിലാണോ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) നെല്ലിയാംപതിയിലുള്ള കൃഷിവകുപ്പ് ഫാമിൽ ഇപ്പോൾ ഓറഞ്ച് കൃഷി ചെയ്യുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly